## പുരോഗമനപരമായ അനുഭവത്തിന്റെ ആറ് പ്രധാന ഘട്ടങ്ങൾ

**I. ഒരു കാവ്യമായ ഉത്തമഗീതത്തിന്റെ വിഷയം, ആറ് പ്രധാന ഘട്ടങ്ങളിലായി തന്റെ മണവാട്ടിയെ ഒരുക്കുന്നതിനുവേണ്ടി ഒരു വ്യക്തിഗത വിശ്വാസിയുടെ ക്രിസ്തുവുമായുള്ള സ്നേഹപൂർവമായ കൂട്ടായ്മയുടെ പുരോഗമനപരമായ അനുഭവത്തെ വെളിപ്പെടുത്തുന്ന ഒരു വിശിഷ്ട ദാമ്പത്യത്തിലെ സ്നേഹത്തിന്റെ ചരിത്രമാണ്**

- **ഒന്നാമത്തെ ഘട്ടം: സംതൃപ്തിക്കായി അവനെ പിന്തുടരുവാൻ വലിക്കപ്പെടുന്നു—1:2-2:7**
  - അന്വേഷകയ്ക്ക് കർത്താവിനോട് വ്യക്തിപരവും, വാത്സല്യപൂർണവും, സ്വകാര്യവും, ആത്മികവുമായ ഒരു ബന്ധം ഉണ്ടായിരിക്കണം. ഈ ആദ്യ ഘട്ടത്തിൽ എല്ലാ ആത്മിക തത്ത്വങ്ങളും അടങ്ങിയിരിക്കുന്നു;

- **രണ്ടാമത്തെ ഘട്ടം: ക്രിസ്തുവിന്റെ ക്രൂശുമായുള്ള അവളുടെ ഒരുമയിലൂടെ സ്വയത്തിൽനിന്നും വിടവിക്കപ്പെടുവാൻ വിളിക്കപ്പെടുന്നു—2:8-3:5**
  - ഉയിർത്തെഴുന്നേറ്റ ക്രിസ്തു പുനരുത്ഥാനത്തിന്റെ ചൈതന്യം കൊണ്ട് നിറഞ്ഞവനാണ്. ഇങ്ങനെയുള്ള ക്രിസ്തുവിന്റെ സാന്നിധ്യം നാം അന്വേഷിക്കുകയും അറിയുകയും വേണം.
  - ക്രിസ്തുവിന്റെ പ്രണയിനി സ്വയ-പരിശോധനയിൽ വീഴുന്നു, അത് ക്രിസ്തുവിന്റെ സാന്നിധ്യത്തിൽനിന്നും അവളെ അകറ്റി നിർത്തുന്ന ഒരു മതിലായ ഒരു ഏകാന്തതയായിത്തീരുന്നു. ഇതിൽ നിന്നും പുറത്തു വരുവാൻ സാധിക്കുന്നത് നമ്മുടെ ഇഴുകിച്ചേർന്ന ആത്മാവിൽ ക്രിസ്തുവിന്റെ പുനരുത്ഥാന ശക്തിയാൽ അവന്റെ മരണത്തോട് അനുരൂപപ്പെടുന്നതിലൂടെയാണ്

- **മൂന്നാമത്തെ ഘട്ടം: പുനരുത്ഥാനത്തിൽ പുതിയ സൃഷ്ടിയായി ആരോഹണത്തിൽ ജീവിക്കുവാൻ വിളിക്കപ്പെടുന്നു—3:6—5:1**
  - ആരോഹണത്തിൽ ജീവിക്കുന്നത് നമ്മുടെ ആത്മാവിൽ തുടർച്ചയായി ജീവിക്കുന്നതാണ്
  - ഇപ്രകാരം ജീവിക്കുന്നതിലൂടെയുള്ള ആത്മാവിന്റെ രൂപാന്തര വേലയാൽ നാം ക്രിസ്തുവിന്റെ ചലിക്കുന്ന വാഹനവും (പല്ലക്കു), ക്രിസ്തുവിന്റെ സ്വകാര്യ ആസ്വാദനത്തിനു വേണ്ടിയുള്ള ഒരു കെട്ടിയടച്ച പൂന്തോട്ടവുമായിത്തീരുന്നു

- **നാലാമത്തെ ഘട്ടം: പുനരുത്ഥാനത്തിനുശേഷം ക്രൂശിലൂടെ തിരശ്ശീലയ്ക്കുള്ളിൽ ജീവിക്കുവാൻ കൂടുതൽ ശക്തമായി വിളിക്കപ്പെടുന്നു—5:2-6:13**
  - തിരശ്ശീലയ്ക്കുള്ളിൽ ജീവിക്കുന്നതിലൂടെ, ക്രിസ്തുവിന്റെ പ്രണയിനി ജ്യോതിർഗോളങ്ങളായി രൂപാന്തരപ്പെടുന്നു;
  - ക്രിസ്തുവിന്റെ ജീവന്റെ പക്വതയിൽ, ക്രിസ്തുവിന്റെ പ്രണയിനി ശൂലേംകാരിയായിത്തീരുന്നു (ശലോമോന്റെ സ്ത്രീരൂപം)

- **അഞ്ചാമത്തെ ഘട്ടം: കർത്താവിന്റെ വേലയിൽ പങ്കുചേരുന്നു—7:1-13**
  - ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് പരദേശയാത്ര ചെയ്തുകൊണ്ട് (ഗ്രാമങ്ങളിൽ രാപാർക്കുന്നതിലൂടെ) ക്രിസ്തുവിന്റെ പ്രണയിനി തന്റെ പ്രിയനോടുകൂടെ മുഴുവൻ ലോകത്തിനും (വയലുകൾ) വേണ്ടിയുള്ള വേല നിർവഹിക്കുവാൻ ആഗ്രഹിക്കുന്നു
  - കർത്താവിന്റെ വേലയിൽ പങ്കുചേരുകയെന്നാൽ അവനോടുകൂടെ ഒരുമിച്ചു പ്രവർത്തിക്കുക എന്നാണ്
  - സ്ഥലം സഭകൾ സ്ഥാപിക്കുകയും പിന്നീട് ക്രിസ്തുവിന്റെ ശരീരത്തിന്റെ പൂർണ സാക്ഷാൽക്കാരത്തിലേക്ക് അവരെ കൊണ്ടുവരികയും ചെയ്യുന്നതാണ് ഈ വേല.

- **ആറാമത്തെ ഘട്ടം: ഉൽപ്രാപണം പ്രാപിക്കുമെന്ന് പ്രത്യാശിക്കുന്നു—8:1-14**
  - അവളുടെ സ്വാഭാവിക ബലം കർത്താവിനാൽ കൈകാര്യം ചെയ്യപ്പെട്ടു
  - കർത്താവിനുവേണ്ടി നാം ചെയ്യുന്ന വേലയിൽ, എല്ലായ്പോഴും അവനെ ശ്രവിച്ചുകൊണ്ട് അവനുമായുള്ള നമ്മുടെ കൂട്ടായ്മ നാം നിലനിർത്തേണ്ടതാവശ്യമാണ്

## ഉത്തമ ഗീതത്തിന്റെ ഉപസംഹാരം

**II. സർവഭൂമിയെയും നിറയ്ക്കുന്ന തന്റെ മധുരകരവും സൗന്ദര്യവുമുള്ള രാജ്യം (പരിമളപർവതം) സ്ഥാപിക്കുവാൻ തന്റെ പ്രിയൻ അവന്റെ പുനരുത്ഥാനശക്തിയിൽ (കലമാനും ഇളമാനും) മടങ്ങിവരുവാൻ ധ്യതികൂട്ടണമെന്ന് ഈ കാവ്യപുസ്തകത്തിന്റെ ഉപസംഹാര വാക്കെന്ന നിലയിൽ, ക്രിസ്തുവിന്റെ പ്രണയിനി പ്രാർഥിക്കുന്നു**

- **“വിശ്വാസം വസ്തുതകളായിത്തീരുകയും, സ്തുതി പ്രാർഥനയ്ക്കു പകരമാകുകയും ചെയ്യും. സ്നേഹം നിഴലില്ലാത്ത ഒരു തികവിൽ പരണമിക്കുകയും, നാം പാപരഹിതമായ മണ്ഡലത്തിൽ അവനെ സേവിക്കുകയും ചെയ്യും. എന്തൊരു ദിവസമായിരിക്കും അത്! കർത്താവായ യേശുവേ, വേഗം വരണമേ!”**


അടുത്ത പേജ് കാണുക

## ഉത്തമ ഗീതത്തിന്റെ രൂപരേഖ

**ഒന്നാമത്തെ ഘട്ടം: സംതൃപ്തിക്കായി അവനെ പിന്തുടരുവാൻ വലിക്കപ്പെടുന്നു—1:2-2:7**

- കർത്താവിനോട് വ്യക്തിപരവും, വാത്സല്യപൂർണവും, സ്വകാര്യവും, ആത്മികവുമായ ഒരു ബന്ധം
- ക്രിസ്തുവിനോടുള്ള കൂട്ടായ്മ സഭാജീവിതത്തിലേക്ക് പ്രവേശിക്കുവാൻ ഇടയാക്കുന്നു—1:8
- ആത്മാവിന്റെ പുനർനിർമ്മിതിയിലൂടെ രൂപാന്തരപ്പെടുന്നു—1:9-16a; 2:1-3a
  - പെൺകുതിരയിൽ നിന്നും (1:9) പ്രാവിന്റെ കണ്ണും / പ്രാവും (1:15, 2:14), ലില്ലിപ്പൂവും (2:1)
- ക്രിസ്തുവിലുള്ള വിശ്രമത്തിലും ആസ്വാദനത്തിലും സംതൃപ്തയാകുന്നു—2:3b-7

**രണ്ടാമത്തെ ഘട്ടം: ക്രൂശുമായുള്ള ഒരുമയിലൂടെ സ്വയത്തിൽനിന്നും വിടവിക്കപ്പെടുവാൻ വിളിക്കപ്പെടുന്നു—2:8-3:5**

- ഒന്നാം ഘട്ടത്തിലെ അനുഭവങ്ങൾ കാരണം അന്വേഷക ഒരു സ്വയ-പരിശോധനയിലേക്ക് വീണുപോകുന്നു—2:9
- പുനരുത്ഥാന ശക്തി: ക്രിസ്തുവിന്റെ കൂട്ടായ്മയിലൂടെ അവന്റെ പുനരുത്ഥാന ശക്തിയാൽ—2:8-9—ചെറുമാനും കലകുട്ടിയും
- പുനരുത്ഥാനത്തിന്റെ സമ്പന്നത: ചെടികളും, കുറുപ്രാവിന്റെ ശബ്ദവും, വിവിധതരം സുഗന്ധങ്ങൾ വീശുന്നത്—12-13
- ക്രൂശിന്റെ ജീവൻ: ക്രൂശുമായുള്ള ഒരുമയിലേക്ക് വിളിക്കുന്നു—2:14-15—പാറയുടെ പിളർപ്പും കടുന്തൂക്കിന്റെ മറവും

**മൂന്നാമത്തെ ഘട്ടം: പുനരുത്ഥാനത്തിലുള്ള പുതിയ സൃഷ്ടിയെന്ന നിലയിൽ ആരോഹണത്തിൽ ജീവിക്കുവാൻ വിളിക്കപ്പെടുന്നു—3:6-5:1**

- ദേഹിയിൽ നിന്നും ആത്മാവിനെ വിവേചിക്കുവാൻ പഠിക്കണം
- പുതിയ സൃഷ്ടി—3:6-4:6
  - പ്രണയിനിയുടെ ക്രിസ്തുവുമായുള്ള സമ്പൂർണ ഒരുമയിലൂടെ—3:6-11
    - പുകത്തൂൺ (3:6) / കിടക്ക (3:7) / പല്ലക്ക് (3:9) / കിരീടം (3:11)
- ആരോഹണത്തിൽ ജീവിക്കുവാനായ് വിളിക്കപ്പെടുന്നു—4:7-15
  - ലെബാനോൻ, അമാനമുകൾ, ശെനീർ ഹെർമ്മോൻ കൊടുമുടികളിൽ ആയിരിക്കുവാൻ വിളിക്കുന്നു—7-8
    - അവളെ സ്വകാര്യമായ് അവൻ ആസ്വദിക്കുന്നു—10-15—കെട്ടിഅടെച്ചിരിക്കുന്ന തോട്ടം (12)

**നാലാമത്തെ ഘട്ടം: പുനരുത്ഥാനത്തിനുശേഷം ക്രൂശിലൂടെ തിരശ്ശീലയ്ക്കുള്ളിൽ ജീവിക്കുവാൻ കൂടുതൽ ശക്തമായി വിളിക്കപ്പെടുന്നു—5:2-6:13**

- അവളുടെ പുനരുത്ഥാനത്തിനും പരാജയത്തിനു ശേഷം ക്രൂശിന്റെ ശക്തമായ വിളി—5:2-6:3
  - നമ്മുടെ ആത്മാവിൽ നാം പുതിയ സൃഷ്ടിയും ആരോഹണത്തിലുമാണ് എന്നാൽ നാം ഇപ്പോഴും പഴയ സൃഷ്ടിയിലാണ് നമുക്ക് ഇപ്പോഴും ജഡവുമുണ്ട്. അതിവിശുദ്ധ സ്ഥലത്തേക്ക് പ്രവേശിക്കുവാനായ് നമ്മുടെ ജഡമെന്ന തിരശീല ചീന്തപ്പെടണം, അതിന് കൂടുതൽ ശക്തമായ ക്രൂശിന്റെ അനുഭവം ആവശ്യമാണ്—5:2-6:3
- തിരശ്ശീലയ്ക്കുള്ളിലുള്ള ഒരു ജീവിതം—6:4-13
  - ക്രിസ്തുവിന്റെ പ്രണയിനി ജ്യോതിർഗോളങ്ങളായി (ചന്ദ്രനും സൂര്യനും) രൂപാന്തരപ്പെടുന്നു; അതായത് അവൾ ആത്മിക മാത്രമല്ല ഇപ്പോൾ സ്വർഗീയവുമായിരിക്കുന്നു—6:10
  - ശൂലേംകാരിയായിത്തീരുന്നു (ശലോമോന്റെ സ്ത്രീരൂപം)—6:13

**അഞ്ചാമത്തെ ഘട്ടം: കർത്താവിന്റെ വേലയിൽ പങ്കുചേരുന്നു—7:1-13**

- കർത്താവിന്റെ വേലയിൽ വേല ചെയ്യുന്ന ഒരുവളായ് സജ്ജമാക്കപ്പെടുന്നു—7:1-9a
- തന്റെ പ്രിയനോടൊപ്പം ഒരുമിച്ച് വേല ചെയ്യുന്നു—7:9b-13
  - ശൂലേംക്കാരിത്തി ശലോമോന്റെ പങ്കാളിയെന്ന നിലയിൽ മുന്തിരിത്തോട്ടങ്ങളെ (8:11), അതായത് മുഴുവൻ ഭൂമിയിലുമുള്ള സഭകളെയും വിശ്വാസികളെയും കരുതുന്നു.

**ആറാമത്തെ ഘട്ടം: ഉൽപ്രാപണം പ്രാപിക്കുമെന്ന് പ്രത്യാശിക്കുന്നു—8:1-14**

- തന്റെ ജഡത്തിനായ് ഞരങ്ങുന്നു—8:1
- തന്റെ ജഡത്തിനായ് ഞരങ്ങുന്നതിൽ നിന്നും രക്ഷപ്പെടുവാൻ അവൾ പ്രത്യാശിക്കുന്നു. ഇത് അവളുടെ ഉൽപ്രാപണത്തിനായുള്ള പ്രത്യാശയെ സൂചിപ്പിക്കുന്നു

*"വിശ്വാസം വസ്തുതകളായിത്തീരുകയും, സ്തുതി പ്രാർഥനയ്ക്കു പകരമാകുകയും ചെയ്യും. സ്നേഹം നിഴലില്ലാത്ത ഒരു തികവിൽ പരണമിക്കുകയും, നാം പാപരഹിതമായ മണ്ഡലത്തിൽ അവനെ സേവിക്കുകയും ചെയ്യും. എന്തൊരു ദിവസമായിരിക്കും അത്! കർത്താവായ യേശുവേ, വേഗം വരണമേ!"*—**സഹോദരൻ വാച്ച്മാൻ നീ**